**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5191** **21-03-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് സീഡ് ഫാമിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് സീഡ് ഫാമിന്റെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | കോങ്ങാട് സ്റ്റേറ്റ്സീഡ് ഫാമിന്റെ നവീകരണത്തിനും ആധുനികവൽകരണത്തിനും, താഴെ പറയുന്ന കാര്യങ്ങൾക്കായി RIAS (Rural Infrastructure Assistance to State Governments) പദ്ധതി പ്രകാരം കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച 2.13 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു.<br><br>1. ഫാം റോഡ് നിർമ്മാണം.<br><br>2. ഫാമിലെ മൂന്ന് കുളങ്ങളുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ<br><br>3. വിത്ത് ഗോഡൗൺ നിർമ്മാണം<br><br>4. പച്ചക്കറി വിത്ത് ഉല്പാദനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മഴമറ നിർമ്മാണം<br><br>5. ഫാമിന്റെ അതിരുകൾ മതിൽ കെട്ടി സംരക്ഷിക്കുന്നതിന്<br><br>6. ഫാമിൽ പൂർണ്ണമായും പൈപ്പ് ലൈൻ സംവിധാനം സ്ഥാപിക്കുന്നതിന്<br><br>7. നിലവിലെ ഓഫീസ് കെട്ടിടത്തിന് മുകളിൽ കർഷകർക്ക് ഒരു പരിശീലന കേന്ദ്രം |
| (ബി) | പ്രസ്തുത ഫാമിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ? | (ബി) | ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ 20 ഏക്കർ വിസ്തൃതി ഉള്ള ഫാമിൽ ഫാം ഫെസ്റ്റ് നടത്തുന്നതിന് വിഭാവനം ചെയ്യുന്നതാണ്. അതുവഴി കൂടുതൽ ആളുകളിലേയ്ക്ക് ഫാമിനെ കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ സാധിക്കും. നെൽകൃഷിയുടെ നടീൽ, വിളവെടുപ്പ് സമയങ്ങളിൽ പൊതുജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ